പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5459 — 31.10.2016 -ൽ മറുപടിക്ക്.

## പൊതുവിതരണത്തിനുള്ള ഭക്ഷ്യ സാധനങ്ങളുടെ സൂക്ഷിക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.കെ.സി.ജോസഫ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പൊതുവിതരണത്തിനുള്ള ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് പൊതു വിതരണത്തിനുള്ള ഭക്ഷ്യ ധാന്യങ്ങൾ സൂക്ഷിക്കുന്നതിന് നിലവിൽ 287 സ്വകാര്യ മൊത്ത വിതരണക്കാരും 30 കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ 11 ഗോഡൗണുകളുമാണുള്ളത്. |
| (ബി) സ്വകാര്യ ഗോഡൗണുകളിൽ ഇവ സൂക്ഷിക്കാറുണ്ടോ; വിശദാംശം എന്തെല്ലാം ; | (ബി) സൂക്ഷിക്കാറുണ്ട്. എഫ്.സി.ഐ യിൽ നിന്നും റിലീസിംഗ് ഓർഡർ എഴുതി സ്വകാര്യ മൊത്ത വിതരണക്കാരുടെ ചെലവിൽ ഭക്ഷ്യധാന്യങ്ങൾ അവരുടെ ഗോഡൗണിൽ സൂക്ഷിച്ച് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും ലഭിക്കുന്ന അതോറിറ്റി ലിസ്റ്റ് പ്രകാരം അതാത് റേഷൻ കടകളിൽ എത്തിക്കുന്ന ചുമതല സംസ്ഥാനത്ത് ഭൂരിഭാഗം മേഖലയിലും നിലവിൽ നിർവ്വഹിക്കുന്നത് സ്വകാര്യ മൊത്ത വിതരണക്കാരാണ്. |
| (സി) ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കുന്നതിന് സ്വകാര്യ ഗോഡൗണുകളെ ഒഴിവാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ; | (സി) 29.08.2016 ലെ സ.ഉ(കൈ) നം. 11/2016/ ഭ.പൊ.വി.വ പ്രകാരം നിലവിലെ സ്വകാര്യ മൊത്ത വിതരണക്കാർക്ക പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ സംഭരണ ശാലകൾ ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്. |
| (ഡി) ഇതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിലും ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി നല്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. വിവിധ സർക്കാർ ഏജൻസികളുടെ കീഴിൽ ഗോഡൗൺ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് വാടകയ്ക്ക് എടുക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ